# Athmaraksha.org

മാരകപാപം, അഴിമതി, അനീതി, അസമാധാനം

## ബാലപീഢനത്തിന് ഇരയായവരിൽ മുറിവേറ്റ ക്രിസ്തുവിന്റെ തിരുമുഖം ഞാൻ കാണുന്നു, ഫ്രാൻസീസ് പാപ്പാ



"ബാലപീഡനത്തിന് ഇരയായ പിഞ്ചുകുഞ്ഞുങ്ങളിൽ റോമൻ പടയാളികളാൽ പീഡി പ്പിക്കപ്പെട്ട ക്രിസ്തുവിന്റെ തിരുമുഖമാണ് താൻ കാണുന്നതെന്ന്," ഫ്രാൻസീസ് പാപ്പാ. തിങ്കളാഴ്ച അതിരാവിലെ സാന്താ മാർത്തായിൽവച്ച് മാർപാപ്പാ അർപ്പിച്ച പരിശുദ്ധ കുർബാനയിൽ വൈദിക ബാലപീഢനത്തിന് ഇരയായവരും ഉണ്ടായിരുന്നു.

"നിഷ്കളങ്കരായ കുട്ടികളെ ദുരുപയോഗിച്ചവർ യഥാർത്ഥത്തിൽ തങ്ങളുടെ ദൗത്യത്തോടാണ് വിശ്വാസവഞ്ചന കാണിച്ചത്." മാർപാപ്പാ പറഞ്ഞു.

"ക്രിസ്തുവിലും അവന്റെ സഭയിലുമുള്ള വിശ്വാസത്തെ ഒറ്റുകൊടുത്ത ചുരുക്കം ചില വൈദികർക്കും മെത്രാന്മാർക്കുംവേണ്ടി ഞാൻ നിങ്ങളോട് മാപ്പിരക്കുന്നു. നമ്മുടെ രക്ഷകൻ പടയാളികളാൽ ചോദ്യം ചെയ്യപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. അവന്റെ തിരുമുഖംകണ്ട് കണ്ണീരണിഞ്ഞ പത്രോസിനെപ്പോലെ പീഢനത്തിനിരയായ വരെ കാണുമ്പോൾ വേദനയുടെ കണ്ണീർ പൊഴിക്കാനുള്ള കൃപയ്ക്കായി ഞാൻ പ്രാർത്ഥിക്കുന്നു." പാപ്പാ തുടർന്നു. 'ക്രിസ്തുവിന്റെ ആലയിലേക്ക് ഇനിയും ചെന്നായ്ക്കൾ പ്രവേശിക്കാതിരിക്കട്ടെ' എന്ന ആശംസയോടെയാണ് പാപ്പാ തന്റെ പ്രസംഗം അവസാനിപ്പിച്ചത്.